വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പരിസ്ഥിതി മലിനീകരണം

80 [2697] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം എത്ര വിദേശ ടൂറിസ്റ്റുകൾ സംസ്ഥാനത്ത് സന്ദർശനം നടത്തിയെന്നും ഇതിലേറ്റവും കൂടുതൽ ആളുകൾ സന്ദർശിച്ച വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പരിസ്ഥിതി മലിനീകരണം കാരണം വിദേശ ടൂറിസ്റ്റുകളുടെ സന്ദർശനം കുറഞ്ഞുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സാമൂഹ്യവിരുദ്ധരുടെ ശല്യം നേരിടുന്നതിന് ഇപ്പോൾ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2001 മേയ് മാസം മുതൽ 2005 ജനുവരി മാസം വരെ) 1021901 വിദേശ ടൂറിസ്റ്റുകൾ സംസ്ഥാനത്ത് സന്ദർശനം നടത്തിയിട്ടുള്ളതായി കണക്കാക്കപ്പെടുന്നു. ഏറ്റവും കൂടുതൽ വിദേശ വിനോദ സഞ്ചാരികൾ സന്ദർശിച്ച സ്ഥലം എറണാകുളമാണ്. തൊട്ടടുത്ത സ്ഥാനങ്ങൾ യഥാക്രമം തിരുവനന്തപുരത്തിനും ഇടുക്കിക്കുമാണ്. വർഷം, ജില്ല തിരിച്ചുള്ള വിദേശ വിനോദ സഞ്ചാരികളുടെ സന്ദർശനം സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.†

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിദേശ സ്വദേശ വിനോദസഞ്ചാരികളുടെ സംരക്ഷണത്തിനായി ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly